കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

175

सत्यमेव जयते

# ശപഥ ആക്റ്റ്, 1969

## ( 1969-ലെ 44-ാം ആക്റ്റ് )

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ്
പ്രസ്സിൽ അച്ചടിച്ച് യൂണിയൻ ഗവൺമെൻറിന്റെ പബ്ലി
ക്കേഷൻസ് മാനേജർ പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്

നിയമ മന്ത്രാലയം

# ശപഥ ആക്ററ്, 1969

## (1969-ലെ 44-ാം ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ്
പ്രസ്സിൽ അച്ചടിച്ച് യൂണിയൻ ഗവൺമെൻറിൻെറ പബ്ലി
ക്കേഷൻസ് മാനേജർ പ്രസിദ്ധീകരിക്കുന്നത്

1974

# ശപഥ ആക്റ്റ്, 1969

## (1969 ലെ 44-ാം ആക്റ്റ്)

(1969 ഡിസംബർ, 26)

നീതിന്യായപരമായ ശപഥങ്ങൾ സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനും മററുചില ആവശ്യങ്ങൾക്കും വേണ്ടിയുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഇരുപതാം സംവത്സരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും. (1) ഈ ആക്റ്റിന് ശപഥ ആക്റ്റ്, 1969 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. ചില ശപഥങ്ങളേയും പ്രതിജ്ഞകളേയും ഒഴിവാക്കുന്നത്. ഈ ആക്റ്റിലെ യാതൊന്നും പട്ടാളക്കോടതി മുമ്പാകെയുള്ള നടപടികൾക്കോ യൂണിയൻെറ സായുധസേനയിലെ അംഗങ്ങളെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് നിർണ്ണയിച്ചിട്ടുള്ള ശപഥങ്ങൾക്കോ, പ്രതിജ്ഞകൾക്കോ, പ്രഖ്യാപനങ്ങൾക്കോ ബാധകമാകുന്നതല്ല.

3. ശപഥങ്ങൾ ചെയ്യിക്കുവാനുള്ള അധികാരം. (1) താഴെ പറയുന്ന കോടതികൾക്കും ആളുകൾക്കും സ്വയം അല്ലെങ്കിൽ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇതിലേക്ക് തങ്ങൾ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനാൽ, നിയമം തങ്ങളുടെമേൽ ചുമത്തിയിട്ടുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിലോ തങ്ങൾക്ക് നല്കിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിലോ ശപഥങ്ങളും പ്രതിജ്ഞകളും ചെയ്യിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(ക) നിയമപ്രകാരമോ കക്ഷികളുടെ സമ്മതപ്രകാരമോ തെളിവ് സ്വീകരിക്കുവാൻ പ്രാധികാരമുള്ള എല്ലാ കോടതികളും ആളുകളും;

(ഖ) യൂണിയൻെറ സായുധസേനയുടെ കൈവശമുള്ള ഏതെങ്കിലും കരസേനാസ്റ്റേഷൻെറയോ നാവികസേനാ സ്റ്റേഷൻെറയോ, വ്യോമസേനാ സ്റ്റേഷൻെറയോ, കപ്പലിൻെറയോ കമാൻഡിംഗ് ഓഫീസർ; എന്നാൽ അതിന് ശപഥമോ, പ്രതിജ്ഞയോ ആ സ്റ്റേഷൻെറ അതിർത്തിക്കുള്ളിൽ വച്ച് ചെയ്യിച്ചിരിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിനാലോ, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മററ് ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ നല്കപ്പെട്ട അധികാരങ്ങൾക്ക് ഭംഗം വരാത്തവിധത്തിൽ, ഏതെങ്കിലും കോടതിക്കോ, ജഡ്ജിക്കോ, മജിസ്ട്രേററിനോ, ആൾക്കോ, സത്യവാങ്മൂലങ്ങളുടെ ആവശ്യത്തിനുവേണ്ടി,

(ക) നീതിന്യായ നടപടികളുടെ ആവശ്യത്തിനുവേണ്ടിയുള്ള സത്യവാങ്മൂലങ്ങൾ സംബന്ധിച്ച് ഹൈക്കോടതിയോ;

(ഖ) മററ് സത്യവാങ്മൂലങ്ങൾ സംബന്ധിച്ച് സ്റ്റേററ് ഗവൺമെൻറോ,

ഇതിലേക്ക് അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ശപഥങ്ങളും പ്രതിജ്ഞകളും ചെയ്യിക്കാവുന്നതാണ്.

4. സാക്ഷികളും, ദ്വിഭാഷികളും, ജൂറി അംഗങ്ങളും ശപഥമോ പ്രതിജ്ഞയോ ചെയ്യണമെന്ന്. (1) താഴെ പറയുന്ന ആളുകൾ ശപഥമോ, പ്രതിജ്ഞയോ ചെയ്യേണ്ടതാണ്, അതായത് :—

(ക) എല്ലാ സാക്ഷികളും, അതായത്, ഏതെല്ലാം ആളുകളാണോ, ആളുകൾക്കാണോ അല്ലെങ്കിൽ ആളുകളോടാണോ നിയമപ്രകാരമോ കക്ഷികളുടെ സമ്മതപ്രകാരമോ അങ്ങനെയുള്ള ആളുകളെ വിസ്തരിക്കുവാനോ തെളിവ് സ്വീകരിക്കുവാനോ പ്രാധികാരമുള്ള ഏതെങ്കിലും കോടതിയാലോ കോടതി മുമ്പാകെയോ അല്ലെങ്കിൽ ആളാലോ ആളുടെ മുമ്പാകെയോ നിയമാനുസൃതം വിസ്തരിക്കപ്പെടുകയോ, തെളിവ് നല്കുകയോ തെളിവ് നല്കുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നത്, അങ്ങനെയുള്ള എല്ലാ ആളുകളും;

(ഖ) സാക്ഷികളോട് ചോദിക്കുന്ന ചോദ്യങ്ങളുടേയും അവർ നല്കുന്ന തെളിവിന്റേയും ദ്വിഭാഷികൾ;

(ഗ) ജൂറി അംഗങ്ങൾ :

എന്നാൽ, സാക്ഷി പന്ത്രണ്ടുവയസ്സിന് താഴെയുള്ള കുട്ടിയായിരിക്കുകയും, സാക്ഷിക്ക് സത്യം പറയേണ്ട കർത്തവ്യം മനസ്സിലാകുന്നുണ്ടെങ്കിലും, ശപഥത്തിന്റേയോ പ്രതിജ്ഞയുടേയോ സ്വഭാവം മനസ്സിലാകുന്നില്ലെന്ന് അങ്ങനെയുള്ള സാക്ഷിയെ വിസ്തരിക്കുവാൻ പ്രാധികാരമുള്ള കോടതിക്കോ ആൾക്കോ, അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകളും 5-ാം വകുപ്പിലെ വ്യവസ്ഥകളും അങ്ങനെയുള്ള സാക്ഷിയ്ക്ക് ബാധകമാകുന്നതല്ല; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, ശപഥത്തിന്റേയോ പ്രതിജ്ഞയുടേയോ അഭാവം, അങ്ങനെയുള്ള സാക്ഷി നല്കുന്ന ഏതെങ്കിലും തെളിവിനെ സ്വീകാര്യമല്ലാത്തതാക്കുകയോ; സത്യം പറയുവാനുള്ള സാക്ഷിയുടെ കടപ്പാടിനെ ബാധിക്കുകയോ ചെയ്യുന്നതല്ല.

(2) ഈ വകുപ്പിലെ യാതൊന്നും, ഒരു ക്രിമിനൽ നടപടിയിൽ, കുറ്റാരോപണം ചെയ്യപ്പെട്ട ആൾ, പ്രതിഭാഗം സാക്ഷിയായി വിസ്തരിക്കപ്പെടാത്തപക്ഷം, അയാളെ ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുന്നത് നിയമാനുസൃതമാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയിലെ ഔദ്യോഗിക ദ്വിഭാഷി, തന്റെ ഔദ്യോഗിക കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ പ്രവേശിച്ചതിനുശേഷം, അയാളെ ആ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുമെന്ന ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുന്നത് ആവശ്യമാക്കുകയോ ചെയ്യുന്നതല്ല.

5. പ്രതിജ്ഞ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ പ്രതിജ്ഞ ചെയ്യുന്നത്. ഒരു സാക്ഷിക്കോ, ദ്വിഭാഷിക്കോ, ജൂറി അംഗത്തിനോ ശപഥം ചെയ്യുന്നതിനുപകരം പ്രതിജ്ഞ ചെയ്യാവുന്നതാണ്.

6. ശപഥങ്ങളുടേയും പ്രതിജ്ഞകളുടേയും ഫാറങ്ങൾ. (1) 4-ാം വകുപ്പിൻകീഴിൽ ചെയ്തിട്ടുള്ള എല്ലാ ശപഥങ്ങളും പ്രതിജ്ഞകളും പട്ടികയിൽ കൊടുത്ത ഫാറങ്ങളിൽ സംഗതിയുടെ പരിതഃസ്ഥിതികൾക്ക് ചേർന്ന ഒരു ഫാറം അനുസരിച്ച് ചെയ്യിക്കേണ്ടതാണ് :

എന്നാൽ ഏതെങ്കിലും ജുഡീഷ്യൽ നടപടിയിലെ ഒരു സാക്ഷി, അയാൾ ഉൾപ്പെടുന്ന വിഭാഗത്തിലെ ആളുകൾക്കിടയിൽ സാധാരണമായിട്ടുള്ളതോ ബന്ധിക്കുന്നതായി കരുതപ്പെടുന്നതോ ആയതും, നീതിക്കോ സഭ്യതയ്ക്കോ വിരുദ്ധമായതല്ലാത്തതും ഏതെങ്കിലും മൂന്നാമനെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും ആയ ഏതെങ്കിലും ഫാറത്തിലുള്ള ശപഥത്തിൻമേലോ സഗൗരവപ്രതിജ്ഞയിൻമേലോ തെളിവുനൽകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇതിൽ ഇതിനുമുമ്പ് എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ തെളിവുനൽകാൻ അയാളെ അനുവദിക്കാവുന്നതാണ്.

(2) സുപ്രീംകോടതിയും ഹൈക്കോടതിയും അല്ലാത്ത എല്ലാ കോടതികളുടേയും സംഗതിയിൽ, അങ്ങനെയുള്ള എല്ലാ ശപഥങ്ങളും പ്രതിജ്ഞകളും കോടതിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻ തന്നെയോ ജഡ്ജിമാരുടേയോ മജിസ്ട്രേറ്റുമാരുടേയോ ഒരു ബഞ്ചിന്റെ സംഗതിയിൽ, അതതു സംഗതിപോലെ, ഏതെങ്കിലും ഒരു ജഡ്ജിയോ മജിസ്ട്രേറ്റോ ചെയ്യിക്കേണ്ടതാകുന്നു.

7. ശപഥം ഇല്ലാത്തതിനാലോ അതിലെ ക്രമക്കേടിനാലോ നടപടികളും തെളിവും അസാധുവാക്കപ്പെടുന്നതല്ലെന്ന്. ഏതെങ്കിലും ശപഥമോ പ്രതിജ്ഞയോ ചെയ്യാതിരിക്കുന്നതോ, അവയിൽ ഒന്നിനുപകരം മറ്റൊന്നുചെയ്യുന്നതോ, ഏതെങ്കിലും ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുന്നതിലോ, ചെയ്യിക്കപ്പെടുന്ന ഫാറത്തിലോ ഉള്ള ഏതെങ്കിലും ക്രമക്കേടോ അങ്ങനെ ചെയ്യാതിരുന്നതോ പകരം ചെയ്തതോ ക്രമക്കേടോ ഏതിലോ ഏതു, സംബന്ധിച്ചോ ആയിരുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും നടപടിയെ അസാധുവാക്കുകയോ തെളിവിനെ, അത് എന്തുതന്നെയായിരുന്നാലും സ്വീകാര്യമല്ലാത്തതാക്കുകയോ ചെയ്യുന്നതോ സത്യം പറയുവാനുള്ള ഒരു സാക്ഷിയുടെ കടപ്പാടിനെ ബാധിക്കുന്നതോ അല്ല.

8. തെളിവ് നല്കുന്ന ആളുകൾ സത്യം പറയുവാൻ ബാദ്ധ്യസ്ഥരാണെന്ന്. ശപഥങ്ങളും പ്രതിജ്ഞകളും ചെയ്യിക്കുവാൻ ഇതിനാൽ പ്രാധികാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും കോടതിയുടേയോ ആളുടേയോ മുമ്പാകെ, ഏതെങ്കിലും വിഷയത്തെപ്പറ്റി തെളിവ് നൽകുന്ന ഏതൊരാളും ആ വിഷയത്തെപ്പറ്റി സത്യം പറയുവാൻ ബാദ്ധ്യസ്ഥനാണ്.

9. റദ്ദാക്കലും ഒഴിവാക്കലും. (1) ഇൻഡ്യൻ ശപഥ ആക്റ്റ്, 1873 [1873-ലെ 10] ഇതിനാൽ റദ്ദാക്കപ്പെട്ടു.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലിരിക്കുന്ന ഏതെങ്കിലും നടപടിയിൽ മേല്പറഞ്ഞ ആക്റ്റിലെ 8-ാം വകുപ്പിൽ വിനിർദ്ദിഷ്ടമായതുപോലുള്ള ഏതെങ്കിലും ശപഥത്താലോ പ്രതിജ്ഞയാലോ ബദ്ധരാകാൻ കക്ഷികൾ കരാർചെയ്തിട്ടുള്ളിടത്ത് മേല്പറഞ്ഞ ആക്റ്റ് റദ്ദാക്കിയിരുന്നാലും, മേല്പറഞ്ഞ ആക്റ്റിലെ 9 മുതൽ 12 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ ഈ ആക്റ്റ് പാസാക്കിയിട്ടില്ലായിരുന്നാലെന്നപോലെ അങ്ങനെയുള്ള കരാർ സംബന്ധിച്ച് തുടർന്ന് ബാധകമായിരിക്കുന്നതാണ്.

## പട്ടിക

(6-ാം വകുപ്പു നോക്കുക)

### ശപഥങ്ങളുടേയോ പ്രതിജ്ഞകളുടേയോ ഫാറം

1-ാം നമ്പർ ഫാറം (സാക്ഷികൾ) :—

ഞാൻ പറയുവാൻ പോകുന്നത് സത്യമാണെന്നും, മുഴുവൻ സത്യമാണെന്നും, സത്യമല്ലാത്ത മറ്റൊന്നുമല്ലെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

2-ാം നമ്പർ ഫാറം, (ജൂറി അംഗങ്ങൾ) :—

ഞാൻ നന്നായും സത്യമായും വിചാരണ ചെയ്യുമെന്നും സ്റ്റേററിന്റേയും, പ്രതിക്കൂട്ടിൽ ഉള്ളവനും എന്റെ ചാർജ്ജിൽ ഉള്ളവനും ആയ തടവുകാരന്റേയും (തടവുകാരുടേയും) ഇടയിൽ നിന്ന് സത്യമായ അഭിപ്രായം നൽകുമെന്നും, തെളിവനുസരിച്ച് സത്യമായ ഒരു തീർപ്പു നൽകുമെന്നും, ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

3-ാം നമ്പർ ഫാറം, (ദ്വിഭാഷികൾ) :—

ഞാൻ, സാക്ഷികളോട് ചോദിക്കപ്പെടുന്ന എല്ലാ ചോദ്യങ്ങളും അവർ നൽകുന്ന തെളിവും നന്നായും സത്യമായും ഭാഷാന്തരം ചെയ്യുകയും വിശദീകരിക്കുകയും ചെയ്യുമെന്നും തർജ്ജമയ്ക്കായി എനിക്കു തരുന്ന എല്ലാ രേഖകളും ശരിയായും കൃത്യമായും തർജ്ജമ ചെയ്യുമെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

4-ാം നമ്പർ ഫാറം, (സത്യവാങ്മൂലങ്ങൾ) :—

ഇത് എന്റെ പേരും ഒപ്പും (അല്ലെങ്കിൽ അടയാളവും) ആണെന്നും എന്റെ ഈ സത്യവാങ്മൂലത്തിലെ ഉള്ളടക്കം സത്യമാണെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.